(സി) ഈ പദ്ധതിയനുസരിച്ച് ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട്;

(ഡി) ഇവർക്ക് ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന നിയമ വ്യവസ്ഥകൾ 1986 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും ഈ കാലയളവിനുള്ളിൽ എത്ര പേർക്ക് ജോലി നൽകി എന്ന് വ്യക്തമായി പറയുവാൻ നിവർത്തിയില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലിസ്റ്റ് അനുസരിച്ച് 44 പേർക്ക് ജോലി നൽകാനുണ്ട്.

(ഡി) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ശബരിമല ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽനിന്ന് മാറ്റണമെന്ന നിർദ്ദേശം

73 (1047) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ;
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ നിന്ന് മാറ്റണമെന്ന് ചന്ദ്രശേഖരമേനോൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ നടപ്പാക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ചന്ദ്രശേഖരമേനോൻ കമ്മീഷൻ അന്വേഷണ റിപ്പോർട്ട് സർക്കാരിലെ ആഭ്യന്തര വകുപ്പ് പരിശോധിച്ചു വരികയാണ്.

കൊല്ലം പിഷാരികാവ് ദേവസ്വം ജീവനക്കാരുടെ വേതന പരിഷ്ക്കരണം

74 (1048) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പിഷാരിക്കാവ് ദേവസ്വം ജീവനക്കാരുടെ വേതന പരിഷ്ക്കരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തെല്ലാം നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശംബള പരിഷ്ക്കരണം സംബന്ധിച്ച് ജീവനക്കാരുടെ അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിൻമേലുള്ള വകുപ്പ് കമ്മീഷണറുടെ അഭിപ്രായം 23.6.2000-ൽ ലഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ത്രിതല പഞ്ചായത്തുകൾക്ക് കാർഷിക മേഖലയിൽ 1998-99, 1999-2000 വർഷങ്ങളിൽ അനുവദിച്ച തുക

75 (1053) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-1999, 1999-2000 വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം കാർഷിക മേഖലയ്ക്കുവേണ്ടി ത്രിതല പഞ്ചായത്തുകൾക്ക് എന്തു തുക വീതമാണ് അനുവദിച്ചത്;

(ബി) മേൽ പറഞ്ഞ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തു തുക നൽകി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം കാർഷിക മേഖലയ്ക്ക് പ്രത്യേകമായി തുക നൽകുന്നില്ല.

കേരഫെഡിന്റെ കൊപ്ര നിർമ്മാണ യൂണിറ്റ്

76 (1059) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കൊപ്ര നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ്;

(സി) ഇവ ഏത് രീതിയിൽ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly